





കേരള സർക്കാർ
കാർഷികവികസന
കർഷകക്ഷേമ വകുപ്പ്



बागवानी मिशन
സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ– കേരള


# വിത്തുമുതൽ വിപണി വരെ കർഷകർക്കൊപ്പം



**തയ്യാറാക്കിയത്:–**

**മിഷൻ ഡയറക്ടർ**
സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള
യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം
ഫോൺ: 0471 2330856, 2330867
ടെലി ഫാക്സ്: 0471 2330857
വെബ്: www.hortnet.kerala.nic.in
ഇമെയിൽ: mdshmkerala@yahoo.co.in
ഫേസ്ബുക്ക്: state horticulture mission kerala

കോപ്പി: 10,000
2020
അച്ചടി:- ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം

കേരള സർക്കാർ
കാർഷികവികസന
കർഷകക്ഷേമ വകുപ്പ്

# വിത്തുമുതൽ
# വിപണി വരെ
# കർഷകർക്കൊപ്പം

बागवानी मिशन
സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ– കേരള

## സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള – പദ്ധതികൾ

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിനായി 2005 നവംബർ മാസം രൂപീകൃതമായ സ്ഥാപനമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള. 2014-15 മുതൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) എന്ന് പുനഃനാമകരണം ചെയ്തിരിക്കുന്നു.

ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും, ഉത്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങൾ ഒരുക്കൽ, സംയോജിത സസ്യ സംരക്ഷണ മുറകൾ നടപ്പിലാക്കൽ, സംരക്ഷിത കൃഷി നടപ്പിലാക്കൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ, വിളവെടുപ്പാനന്തര പരിപാലനം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഗ്രേഡിംഗ്, പായ്ക്കിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം, വിപണിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, മാനവവിഭവശേഷി വികസനം എന്നിവയാണ് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ. മാവ്, വാഴ, കൈതച്ചക്ക, ടിഷ്യുക്കൾച്ചർ വാഴ, പപ്പായ, പ്ലാവ്, സ്ട്രോബറി തുടങ്ങിയ ഫലവർഗ്ഗവിളകൾ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പു എന്നീ സുഗന്ധവ്യഞ്ജന വിളകൾ, കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ, പുഷ്പങ്ങൾഎന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിളകൾ. ഇത് കൂടാതെ കൂൺകൃഷിയും, തേനീച്ച വളർത്തലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ

കർഷകർ, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (VFPCK), സ്വയം സഹായ കർഷക സംഘങ്ങൾ, ഹോർട്ടിക്കോർപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, സർക്കാരേതര സന്നദ്ധ സംഘടനകൾ, കാർഷികോത്പന്ന ബോർഡുകൾ.

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

കർഷകരുടെ വിത്ത് മുതൽ വിപണിവരെയുള്ള ആവശ്യങ്ങൾക്ക് പൂർണ്ണമായ പിന്തുണ നൽകുകയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ പ്രധാന ലക്ഷ്യം. സമഗ്രവും അത്യാധുനികവുമായ കാർഷിക രീതികൾ അവലംബിക്കുക വഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ ഉദാത്ത ലക്ഷ്യം.



## പദ്ധതി ഘടകങ്ങൾ

### നടീൽ വസ്തുക്കളുടെ ഉത്പാദനം

ആധുനിക സംവിധാനങ്ങളോടുകൂടി സ്ഥാപിക്കുന്ന ഹൈടെക് നഴ്സറികളിലും ചെറുകിട നഴ്സറികളിലും നടീൽ വസ്തുക്കൾ വൻതോതിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യും. നിലവിലുള്ള ടിഷ്യുക്കൾച്ചർ ലാബുകൾ നവീകരിച്ച് കൂടുതൽ തൈകൾ വിതരണം ചെയ്യുന്നതോടൊപ്പം പുതിയ ലാബുകൾ സ്ഥാപിക്കുവാനും ധനസഹായം ലഭ്യമാക്കുന്നു.

| ക്രമ നം | ഘടകം | മൊത്തം പദ്ധതി ചിലവ് | ധന സഹായം (%) | ധന സഹായം (യൂണിറ്റ് ഒന്നിന്) |
|---|---|---|---|---|
| 1. | ഹൈടെക് നഴ്സറി (4 ഹെ)<br>(Pro-rate basis)<br>പൊതുമേഖല<br>സ്വകാര്യമേഖല | 25 ലക്ഷം രൂപ | <br><br>100 %<br>40 % | <br><br>25 ലക്ഷം രൂപ<br>10 ലക്ഷം രൂപ |
| 2. | ചെറുകിട നഴ്സറി (1 ഹെ)<br>പൊതുമേഖല<br>സ്വകാര്യമേഖല | 15 ലക്ഷം രൂപ | <br>100 %<br>50 % | <br>15 ലക്ഷം രൂപ<br>7.50 ലക്ഷം രൂപ |
| 3. | അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾ ലഭിക്കുന്നതിനുള്ള നഴ്സറികളുടെ അടിസ്ഥാന സൗകര്യ വികസനം (4 ഹെ)<br>(Pro-rate basis)<br>പൊതുമേഖല<br>സ്വകാര്യമേഖല | 10 ലക്ഷം രൂപ | <br><br>100 %<br>50 % | <br><br>10 ലക്ഷം രൂപ<br>5 ലക്ഷം രൂപ |
| 4. | നിലവിലുള്ള ടിഷ്യുക്കൾച്ചർ യൂണിറ്റുകളുടെ ശാക്തീകരണം<br>പൊതുമേഖല<br>സ്വകാര്യമേഖല | 20 ലക്ഷം രൂപ | <br>100 %<br>50 % | <br>20 ലക്ഷം രൂപ<br>10 ലക്ഷം രൂപ |
| 5. | വിത്ത് ഉത്പാദന യൂണിറ്റ് (1 ഹെ)<br>പൊതുമേഖല | 0.35 ലക്ഷം രൂപ | <br>100% | <br>0.35 ലക്ഷം രൂപ |
| 6. | വിത്തുകളുടെ അടിസ്ഥാന സൗകര്യ വികസനം<br>പൊതുമേഖല<br>സ്വകാര്യമേഖല | 2 കോടി രൂപ | <br>100%<br>50 % | <br>2 കോടി രൂപ<br>1 കോടി രൂപ |
| 7. | നടീൽ വസ്തുക്കളുടെ ഇറക്കുമതി-<br>പൊതുമേഖല | 1 കോടി രൂപ | 100% | 1 കോടി രൂപ |

## പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകളുടെ വിസ്തൃതിയും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിന് കൂടുതൽ സ്ഥലത്ത് കൃഷി ആരംഭിക്കുകയാണ് ലക്ഷ്യം.




| ക്രമ നം. | വിള | ധന സഹായം (ലക്ഷം രൂപ/ഹെ.) | വിസ്തീർണ്ണം (ഹെക്ടർ) | കാലാവധി (വർഷം) |
|---|---|---|---|---|
| I. | പഴവർഗ്ഗങ്ങൾ | | | |
| | i) സ്ട്രോബറി | 0.50 | 4 | |
| | ii) വാഴ (കന്ന്) | 0.35 | 4 | 2(75:25) |
| | iii) കൈതച്ചക്ക (കന്ന്) | 0.35 | 4 | 1 |
| | iv) വാഴ (ടിഷ്യുക്കൾച്ചർ) | 0.50 | 4 | 2(75:25) |
| | v) പപ്പായ<br>a) സൂക്ഷ്മജലസേചന സൗകര്യത്തോടുകൂടിയത്<br>b) സൂക്ഷ്മജലസേചന സൗകര്യം ഇല്ലാത്തത് | <br>0.80<br>0.30 | <br>4<br>4 | <br>2(75:25)<br>2(75:25) |
| | vi) അതിസാന്ദ്രതാ കൃഷി | 0.80 | | 3 (60:20:20) |
| | vii) ഹൈഡെൻസിറ്റി പ്ലാന്റിംഗ് (മാവ്, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം)<br>a) സൂക്ഷ്മജലസേചന സൗകര്യത്തോടുകൂടിയത്<br>b) സൂക്ഷ്മജലസേചന സൗകര്യം ഇല്ലാത്തത്<br>viii) സാധാരണ അകലം പാലിക്കുന്ന ഉത്പാദന ചിലവ് കൂടുതലില്ലാത്ത ഫലവർഗ്ഗങ്ങൾ (സൂക്ഷ്മ ജലസേചന സൗകര്യം ഇല്ലാത്തത്) | <br>0.60<br>0.40<br>0.30 | <br>4<br>4<br>4 | <br>3 (60:20:20)<br>3 (60:20:20)<br>3 (60:20:20) |

| | | | | |
|---|---|---|---|---|
| **II.** | **ഹൈബ്രിഡ് പച്ചക്കറി** | 0.20 | 2 | |
| **III.** | **കൂൺകൃഷി** | | | |
| | i) ഉത്പാദന യൂണിറ്റ് | | | |
| | a) പൊതുമേഖല | 20 | 1 യൂണിറ്റ് | |
| | b) സ്വകാര്യമേഖല | 8 | 1 യൂണിറ്റ് | |
| | ii) വിത്തുത്പാദന യൂണിറ്റ് | | | |
| | a) പൊതുമേഖല | 15 | 1 യൂണിറ്റ് | |
| | b) സ്വകാര്യമേഖല | 6 | 1 യൂണിറ്റ് | |
| | iii) കൂൺ കമ്പോസ്റ്റ് യൂണിറ്റ് | | | |
| | a) പൊതുമേഖല | 20 | 1 യൂണിറ്റ് | |
| | b) സ്വകാര്യമേഖല | 8 | 1 യൂണിറ്റ് | |
| **IV.** | **പുഷ്പങ്ങൾ (ഒരു ഉപഭോക്താവിന് പരമാവധി 2 ഹെക്ടർ )** | | | |
| | i) കട്ട് ഫ്ളവർ | 0.4 | 2 യൂണിറ്റ് | |
| | ii) ലൂസ് ഫ്ളവർ | 0.16 | 2 യൂണിറ്റ് | |
| **V.** | **സുഗന്ധവ്യഞ്ജന വിളകൾ** | | | |
| | i) ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ | 0.12 | 4 | |
| | ii) കുരുമുളക്, കറുവപ്പട്ട, ഗ്രാമ്പൂ, ജാതി | 0.2 | 4 | |
| **VI.** | **സുഗന്ധതൈല വിളകൾ** | | | |
| | i) ഉത്പാദന ചിലവ് കൂടുതലുള്ളവ | 0.4 | 4 | |
| **VII.** | **തോട്ടവിളകൾ** | | | |
| | i) കൊക്കോ, കശുമാവ് | 0.20 | 4 | 3(60:20:20) |

## കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം

കുരുമുളക്, കശുമാവ്, കൊക്കോ തുടങ്ങിയ വിളകളുടെ ഉത്പാദന ക്ഷമത കുറഞ്ഞതും രോഗബാധിതവുമായ മരങ്ങൾ വെട്ടിമാറ്റി പകരം അത്യുത്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടു പിടിപ്പിച്ച് ശാസ്ത്രീയമായ കൃഷി രീതികൾ ആവിഷ്കരിക്കുന്നതിന് ധനസഹായം നൽകുന്നു. ഹെക്ട



റിന് പരമാവധി 20,000/- രൂപയാണ് നൽകുന്നത്. പരമാവധി 2 ഹെ. സ്ഥലത്തേക്കാണ് ധനസഹായം നൽകുന്നത്.



## ജലസംഭരണികളുടെ നിർമ്മാണം

ജലസേചനത്തിനായി സാമൂഹികാടിസ്ഥാനത്തിൽ ജലസംഭരണികൾ/ കുളങ്ങൾ/ പ്ലാസ്റ്റിക് ലൈനിങ്ങോടുകൂടിയ റിസർവോയറുകൾ എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകും. 10 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിനായി പ്ലാസ്റ്റിക് ലൈനിംഗോടുകൂടിയ സാമൂഹികാടിസ്ഥാനത്തിലുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 20 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 25 ലക്ഷം രൂപയും ധനസഹായം നൽകും. കൂടാതെ, സ്വകാര്യ സംരംഭകർ, കർഷകർ എന്നിവർക്ക് 20X20X3 മീറ്റർ വലുപ്പത്തിലുള്ള ജലസ്രോതസുകൾ നിർമ്മിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 0.75 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 0.90 ലക്ഷം രൂപയുമാണ് നൽകുന്നത്.

## സംയോജിത രോഗ കീട നിയന്ത്രണം

| ക്രമനം | ഘടകം | മൊത്തം പദ്ധതി ചിലവ് | ധന സഹായം (%) | ധനസഹായം (യൂണിറ്റ് ഒന്നിന്) |
|---|---|---|---|---|
| 1. | ഡിസീസ് ഫോർകാസ്റ്റിംഗ് യൂണിറ്റ്<br>പൊതുമേഖല | 6 ലക്ഷം രൂപ | 100 % | 6 ലക്ഷം രൂപ |
| 2. | ബയോകൺട്രോൾ ലാബ്<br>പൊതുമേഖല<br>സ്വകാര്യമേഖല | 90 ലക്ഷം രൂപ | 100 %<br>50 % | 90 ലക്ഷം രൂപ<br>45 ലക്ഷം രൂപ |
| 3. | പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്<br>പൊതുമേഖല | 25 ലക്ഷം രൂപ | 100 % | 25 ലക്ഷം രൂപ |
| 4. | സംയോജിത രോഗ കീട നിയന്ത്രണം | 4000/ഹെക്ടർ | 30 % | 1200/ ഹെക്ടർ |

## ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം

കാർഷിക മേഖലയുടെ വികസനത്തിനായി കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് മൊത്തം വിലയുടെ 50% വരെ ധനസഹായം നൽകും.



| ക്രമ നം | ഘടകം | പരമാവധി ചിലവ് (ലക്ഷം രൂപ/ യൂണിറ്റ്) | ധനസഹായം |
|---|---|---|---|
| i | **20 HP വരെയുള്ള ട്രാക്ടറുകൾക്ക്** | 3 | ജനറൽ കാറ്റഗറി കർഷകർ : 0.75 ലക്ഷം രൂപ(25%) എസ്.സി./എസ്.റ്റി., ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ: 1 ലക്ഷം രൂപ (35%) |
| ii | **പവർ ടില്ലർ** | | |
| a | പവർ ടില്ലർ (8 BHPക്ക് താഴെ ) | 1 | ജനറൽ കാറ്റഗറി കർഷകർ : 0.4 ലക്ഷം രൂപ (40%) എസ്.സി./എസ്.റ്റി., ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ : 0.5 ലക്ഷം രൂപ (50%) |
| b | പവർ ടില്ലർ (8 BHP & മുകളിൽ) | 1.5 | ജനറൽ കാറ്റഗറി കർഷകർ : 0.6 ലക്ഷം രൂപ (40%) എസ്.സി./എസ്.റ്റി., ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ: 0.75 ലക്ഷം രൂപ (50%) |
| iii | **സെൽഫ് പ്രൊപ്പൽഡ് ഹോർട്ടിക്കൾച്ചർ യന്ത്രങ്ങൾ** | | |
| | വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൂണിംഗ്, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ഷീയറിംഗ് എന്നിവയ്ക്കായുള്ള വീഡ് കട്ടർ, ബ്രഷ് കട്ടർ മുതലായവ | 2.5 | ജനറൽ കാറ്റഗറി കർഷകർ : 1.0 ലക്ഷം രൂപ (40%)/ യൂണിറ്റ് എസ്.സി./എസ്.റ്റി., ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ : 1.25 ലക്ഷം രൂപ (50%)/ യൂണിറ്റ് |
| iv | **സസ്യസംരക്ഷണ ഉപാധികൾ** | | |
| a. | കർഷകർ സ്വയം പ്രവർത്തിപ്പിക്കുന്നവ (Knapsack/foot operated sprayer) | 0.012 | ജനറൽ കാറ്റഗറി കർഷകർക്ക് യൂണിറ്റൊന്നിന് പരമാവധി 0.005 ലക്ഷം രൂപ (40%) എസ്.സി./എസ്.റ്റി., ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ എന്നിവർക്ക് യൂണിറ്റൊന്നിന് പരമാവധി 0.006 ലക്ഷം രൂപ (50%) |

| | | |
|---|---|---|
| b. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നവ ശേഷി: 8 മുതൽ 12 ലിറ്റർ വരെ (Power Knapsack sprayer/ Power operated Taiwan sprayer) | 0.062 | ജനറൽ കാറ്റഗറി കർഷകർക്ക് യൂണിറ്റൊന്നിന് പരമാവധി 0.025 ലക്ഷം രൂപ (41.6%)<br><br>എസ്.സി./എസ്.റ്റി., ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകർഷകർ എന്നിവർക്ക് യൂണിറ്റൊന്നിന് പരമാവധി 0.031 ലക്ഷം രൂപ (50%) |
| c. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നവ ശേഷി: 12 മുതൽ 16 ലിറ്റർ വരെ (Power Knapsack sprayer/ Power operated Taiwan sprayer) | 0.076 | ജനറൽ കാറ്റഗറി കർഷകർക്ക് യൂണിറ്റൊന്നിന് പരമാവധി 0.03 ലക്ഷം രൂപ (41.6%)<br><br>എസ്.സി./എസ്.റ്റി., ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകർഷകർ എന്നിവർക്ക് യൂണിറ്റൊന്നിന് പരമാവധി 0.038 ലക്ഷം രൂപ (50%) |
| d. 16 ലിറ്റർ വരെ പ്രവർത്തന ശേഷിയുള്ളവ Power Knapsack sprayer/ Power operated Taiwan sprayer | 0.20 | ജനറൽ കാറ്റഗറി കർഷകർ യൂണിറ്റൊന്നിന് പരമാവധി 0.08 ലക്ഷം രൂപ (41.6%)<br>എസ്.സി./എസ്.റ്റി., ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകർഷകർ എന്നിവർക്ക് യൂണിറ്റൊന്നിന് പരമാവധി 0.10 ലക്ഷം രൂപ (50%) |
| e. പരിസ്ഥിതി സൗഹൃദ വിളക്കുകെണി Eco friendly light trap | 0.028 | ജനറൽ കാറ്റഗറി കർഷകർ യൂണിറ്റൊന്നിന് പരമാവധി 0.012 ലക്ഷം രൂപ (41.6%)<br>എസ്.സി./എസ്.റ്റി., ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകർഷകർ എന്നിവർക്ക് യൂണിറ്റൊന്നിന് പരമാവധി 0.014 ലക്ഷം രൂപ (50%) |

## തേനീച്ച വളർത്തൽ

തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്ന MIDH ഘടകം മുഖാന്തിരം ഹോർട്ടിക്കൾച്ചർ വിളകളുടെ പരാഗണ സാദ്ധ്യത വർദ്ധിപ്പിച്ച് തേനിന്റെ ഉത്പാദന ക്ഷമത ഉയർത്തുന്നതിനായി തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതാണ്. ഇതുവഴി തേനീച്ച പെട്ടികളുടെയും കോളനികളുടെയും വിതരണം, തേനീച്ച ഉപകരണങ്ങൾക്ക് ധനസഹായം, പരിശീലനം എന്നിവ നൽകുന്നു. സംസ്ഥാനത്ത് ഹോർട്ടികോർപ്പ് എന്ന നോഡൽ ഏജൻസി മുഖാന്തിരമാണ് ഇത് നടപ്പിലാക്കുന്നത്.



## സംരക്ഷിത കൃഷി

സംരക്ഷിത രീതിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രീൻഹൗസ്, തണൽവലകൾ എന്നിവ ഉപയോഗിച്ചുള്ള കൃഷിയ്ക്ക് ധനസഹായം നൽകും.

| | ഇനം | പരമാവധി ചിലവ് | ധനസഹായം |
|---|---|---|---|
| 1. | ഗ്രീൻഹൗസ് സ്ട്രക്ച്ചർ<br>നാച്ചുറലി വെന്റിലേറ്റഡ് സിസ്റ്റം<br>ട്യൂബുലാർ സ്ട്രക്ച്ചർ | 1060 രൂപ/ച.മീറ്റർ<br>(500 ച.മീറ്റർ വരെ) | 4000 ച.മീറ്റർ എന്ന പരിധിയ്ക്ക് വിധേയമായി ഒരു ഗുണഭോക്താവിന് 50% ധനസഹായം |
| 2. | ഷെയ്ഡ് നെറ്റ് ഹൗസ്<br>ട്യൂബുലാർ സ്ട്രക്ച്ചർ | 710 രൂപ/ച.മീറ്റർ | |
| 3. | മൂല്യം കൂടിയ പച്ചക്കറികളുടേയും നടീൽ വസ്തുക്കളുടേയും കൃഷിയുടേയും ചിലവ്. | 140 രൂപ/ച.മീറ്റർ | |
| 4. | ഓർക്കിഡ്, ആന്തുറിയം എന്നിവയുടെ നടീൽ വസ്തുക്കളുടേയും കൃഷിയുടേയും ചിലവ് (പോളീഹൗസ് / തണൽ വല) | 700 രൂപ/ച.മീറ്റർ | |
| 5. | കാർണേഷൻ, ജർബറ എന്നിവയുടെ നടീൽവസ്തുക്കളുടേയും കൃഷിയുടേയും ചിലവ് (പോളീഹൗസ് / തണൽ വല) | 610 രൂപ/ച.മീറ്റർ | 4000 ച. മീറ്റർ എന്ന പരിധിക്ക് വിധേയമായി ഒരു ഗുണഭോക്താവിന് 50 % ധനസഹായം |
| 6. | റോസ്, ലില്ലിയം എന്നിവയുടെ നടീൽവസ്തുക്കളുടേയും കൃഷിയുടേയും ചിലവ് (പോളീഹൗസ് / തണൽ വല) | 426 രൂപ/ച.മീറ്റർ | " |
| 7. | പ്ലാസ്റ്റിക് മൾച്ചിംഗ് | 32,000 രൂപ/ഹെ. (സമതലം)<br>36,800 രൂപ/ഹെ. (മലയോരം) | 2 ഹെക്ടർ എന്ന പരിധിയ്ക്ക് വിധേയമായി ഒരു ഗുണഭോക്താവിന് 50% ധനസഹായം |



### ഹൈടെക് കൃഷി

400 മുതൽ 4000 ച.മീറ്റർ വരെ വിസ്തീർണ്ണ മുള്ള പോളീഹൗസുകൾക്ക് ചുവടെ ചേർക്കും പ്രകാരം ധനസഹായം നൽകുന്നതാണ്.

## സമതല പ്രദേശം

| ക്രമ നം. | വിസ്തീർണ്ണം (ച. മീറ്റർ) | നിർമ്മാണ ചിലവ് (ച. മീറ്റർ) | കേന്ദ്ര വിഹിതം (50%) | സംസ്ഥാന വിഹിതം (25%) | ആകെ ധനസഹായം (75%) | ഗുണഭോക്തൃ വിഹിതം (25%) |
|---|---|---|---|---|---|---|
| 1 | 400-500 ച.മീ. | 1060.00 | 530.00 | 265.00 | 795.00 | 265.00 |
| 2 | 501 - 1008 ച.മീ. | 935.00 | 467.50 | 233.75 | 701.25 | 233.75 |
| 3 | 1009 - 2080 ച.മീ. | 890.00 | 445.00 | 222.50 | 667.50 | 222.50 |
| 4 | 2081 - 4000 ച.മീ. | 844.00 | 422.00 | 211.00 | 633.00 | 211.00 |

## മലയോര പ്രദേശം

കേന്ദ്ര സർക്കാർ നിശ്ചയിച്ച നിർമ്മാണ ചിലവും ലഭ്യമാകുന്ന ധനസഹായവും

| ക്രമ നം. | വിസ്തീർണ്ണം (ച. മീറ്റർ) | നിർമ്മാണ ചിലവ് (ച. മീറ്റർ) | കേന്ദ്ര വിഹിതം (50%) | സംസ്ഥാന വിഹിതം (25%) | ആകെ ധനസഹായം (75%) | ഗുണഭോക്തൃ വിഹിതം (25%) |
|---|---|---|---|---|---|---|
| 1 | 400 - 500 ച.മീ. | 1219.00 | 609.5 | 304.75 | 914.25 | 304.75 |
| 2 | 501 - 1008 ച.മീ. | 1075.25 | 537.63 | 268.80 | 806.43 | 268.80 |
| 3 | 1009 - 2080 ച.മീ. | 1023.50 | 511.75 | 255.90 | 767.65 | 255.90 |
| 4 | 2081 - 4000 ച.മീ. | 970.60 | 485.30 | 242.65 | 727.95 | 242.65 |

## സംസ്കരണവും വിപണനവും

കാർഷികോത്പന്നങ്ങൾ സംസ്കരിക്കുന്നതിനും തരംതിരിക്കുന്നതിനും പായ്ക്കിംഗിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മാർക്കറ്റുകളിൽ ഒരുക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകും

| ഇനം | ചെലവ് | ധനസഹായം |
|---|---|---|
| പായ്ക്ക് ഹൗസ് | 4 ലക്ഷം/യൂണിറ്റ് (9 മീറ്റർ x 6 മീറ്റർ) | ചിലവിന്റെ 50% ധനസഹായം |
| സംയോജിത പായ്ക്ക് ഹൗസ് | 50 ലക്ഷം/യൂണിറ്റ് (9 മീറ്റർ x 18 മീറ്റർ) | സമതല പ്രദേശത്ത് പദ്ധതി ചിലവിന്റെ 35%, മലയോര പ്രദേശത്ത് പദ്ധതി ചിലവിന്റെ 50% വായ്പാബന്ധിത ധനസഹായം |
| പ്രീകൂളിംഗ് യൂണിറ്റ് | 25 ലക്ഷം/യൂണിറ്റ് (6 മെ. ടൺ സംഭരണ ശേഷി ) | " |
| കോൾഡ് റൂം (സ്റ്റേജിംഗ്) | 15 ലക്ഷം/യൂണിറ്റ് (30 മെ. ടൺ സംഭരണ ശേഷി) | " |
| മൊബൈൽ പ്രീകൂളിംഗ് യൂണിറ്റ് | 25 ലക്ഷം | " |
| കോൾഡ് സ്റ്റോറേജ് (ടൈപ്പ് - 1) | 0.08 ലക്ഷം /മെ. ടൺ (5000 മെ. ടൺ സംഭരണ ശേഷി) | " |
| റീഫർ വാൻ | 26.00 ലക്ഷം (9 മെ. ടൺ സംഭരണ ശേഷി) | " |
| പ്രൈമറി/ മൊബൈൽ/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ് | 25.00 ലക്ഷം/യൂണിറ്റ് | സമതല പ്രദേശത്ത് പദ്ധതി ചിലവിന്റെ 40%, മലയോര പ്രദേശത്ത് പദ്ധതി ചിലവിന്റെ 55% വായ്പാബന്ധിത ധനസഹായം |

| | | |
|---|---|---|
| റൈപ്പനിംഗ് ചേമ്പർ | 1 ലക്ഷം / മെ. ടൺ | സമതല പ്രദേശത്ത് പദ്ധതി ചെലവിന്റെ 35%, മലയോര പ്രദേശത്ത് പദ്ധതി ചെലവിന്റെ 50% വായ്പാബന്ധിത ധനസഹായം. പരമാവധി 300 മെ.ടൺ. |
| പ്രിസർവേഷൻ യൂണിറ്റ് | 2 ലക്ഷം/യൂണിറ്റ് (പുതിയത്) 1 ലക്ഷം / യൂണിറ്റ് (അപ്ഗ്രഡേഷൻ) | ചിലവിന്റെ 50 % |

വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം

| | | |
|---|---|---|
| ഗ്രാമീണ വിപണി | 25.00 ലക്ഷം | സമതല പ്രദേശത്ത് പദ്ധതി ചിലവിന്റെ 40%, മലയോര പ്രദേശത്ത് പദ്ധതി ചിലവിന്റെ 55% വായ്പാബന്ധിത ധനസഹായം |
| ചില്ലറ വിൽപ്പനശാല | 15.00 ലക്ഷം /യൂണിറ്റ് | സമതല പ്രദേശത്ത് പദ്ധതി ചിലവിന്റെ 35%, മലയോര പ്രദേശത്ത് പദ്ധതി ചിലവിന്റെ 50% വായ്പാബന്ധിത ധനസഹായം. പരമാവധി 300 മെ.ടൺ. |
| സ്റ്റാറ്റിക് / മൊബൈൽ വെന്റിംഗ് കാർട്ട് (ഉന്തുവണ്ടി)/ പ്ലാറ്റ്ഫോമോടുകൂടിയ കൂൾ ചേമ്പർ | 0.30 ലക്ഷം / യൂണിറ്റ് | അംഗീകൃത ചിലവിന്റെ 50% |
| സംഭരണം, തരംതിരിക്കൽ, പായ്ക്കിംഗ് എന്നിവയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസനം | 15.00 ലക്ഷം | സമതല പ്രദേശത്ത് പദ്ധതി ചിലവിന്റെ 40%, മലയോര പ്രദേശത്ത് പദ്ധതി ചിലവിന്റെ 55% വായ്പാബന്ധിത ധനസഹായം |
| ഗുണമേന്മാ പരിശോധന ലാബ് (ക്വാളിറ്റി കൺട്രോൾ/ അനാലിസിസ് ലാബ്) | 200 ലക്ഷം രൂപ | പൊതുമേഖലയ്ക്ക് 100% ധനസഹായം |

## സാങ്കേതിക വിദ്യയുടെ വ്യാപനം

ഓരോ വിളകളുടേയും കൃഷി, സംയോജിത രോഗകീട നിയന്ത്രണം, സംരക്ഷിത കൃഷി, ജൈവകൃഷി എന്നിവയുടെ ഏറ്റവും പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കർഷകരെ പങ്കാളികളാക്കി അവരുടെ കൃഷി സ്ഥലത്തെ കാതലായ 1 ഹെക്ടർ സ്ഥലത്ത് പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഫാമുകൾ, കാർഷിക സർവ്വകലാശാല, റിസേർച്ച് സ്റ്റേഷനുകൾ എന്നിവയ്ക്ക് 25 ലക്ഷം രൂപയും (100%) കർഷകരുടെ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 18.75 ലക്ഷം രൂപയും (75%) ധനസഹായം നൽകുന്നു.



## പരിശീലന പരിപാടി

നടീൽ വസ്തുക്കളുടെ ഉത്പാദനം, നഴ്സറി പരിചരണം, കാർഷിക വിളകളുടെ ശാസ്ത്രീയ പരിപാലനം, ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരെ ബോധവാന്മാരാക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൃഷി ഉദ്യോഗസ്ഥർ, കർഷകർ, തോട്ടം പരിപാലിക്കുന്നവർ, സൂപ്പർവൈസർമാർ, കാർഷിക സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ എന്നിവർക്കാണ് പരിശീലനം നൽകുന്നത്.

| | ഘടകം | മൊത്തം ചെലവ് | ധനസഹായം |
|---|---|---|---|
| i) | കർഷകരുടെ പരിശീലനം | | |
| | സംസ്ഥാനത്തിന് പുറത്ത് | പദ്ധതിയധിഷ്ഠിതം | 100% ധനസഹായം (ഫണ്ടിന് വിധേയമായി) |
| ii) | കർഷകർക്കായുള്ള പഠനയാത്ര | | |
| | സംസ്ഥാനത്തിന് പുറത്ത് | പദ്ധതിയധിഷ്ഠിതം | 100% ധനസഹായം |
| iii) | സാങ്കേതിക വിദഗ്ദ്ധർക്കുള്ള പരിശീലന / പഠനയാത്ര | | |
| | സംസ്ഥാനത്തിനകത്ത് | ഒരു വ്യക്തിയ്ക്ക് ഒരു ദിവസം 300 രൂപ + അനുവദനീയമായ റ്റി.എ./ ഡി.എ. | 100% ധനസഹായം |
| | സംസ്ഥാനത്തിന് പുറത്ത് പഠനയാത്ര (കുറഞ്ഞത് 5 പേർ ഉൾപ്പെടുന്ന ഗ്രൂപ്പ്) | ഒരു വ്യക്തിയ്ക്ക് ഒരു ദിവസം 800 രൂപ + അനുവദനീയമായ റ്റി.എ./ ഡി.എ. | 100% ധനസഹായം |

## പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (പി. എം. കെ. എസ്. വൈ)



സൂക്ഷ്മ ജലസേചന വിദ്യയിലൂടെ കാര്യക്ഷമമായ ജല വിനിയോഗവും ഉത്പാദന- ഉത്പാദനക്ഷമത വർദ്ധനവ് ഉദ്ദേശിച്ചുകൊണ്ട് പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ. എസ്.വൈ) യിലെ മൈക്രോ ഇറിഗേഷൻ (സൂക്ഷ്മ ജലസേചനം) ഘടകം സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

| വിളകൾ തമ്മിലുള്ള അകലം | കർഷക വിഭാഗം | ചിലവ് / ഹെക്ടർ (രൂപ) | ആകെ ധനസഹായം (55%) | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) |
|---|---|---|---|---|---|
| ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം (ഹെ) | | | | | |
| 12 മീ. x 12 മീ. | ചെറുകിട-നാമമാത്ര കർഷകർ | 21643 | 11903.65 | 7142.19 | 4761.46 |
| 10 മീ. x 10 മീ. | | 23047 | 12675.85 | 7605.51 | 5070.34 |
| 9 മീ. x 9 മീ. | | 24035 | 13219.25 | 7931.55 | 5287.7 |
| 8 മീ. x 8 മീ. | | 25332 | 13932.6 | 8359.56 | 5573.04 |
| 6 മീ. x 6 മീ. | | 30534 | 16793.7 | 10076.22 | 6717.48 |
| 5 മീ. x 5 മീ. | | 34664 | 19065.2 | 11439.12 | 7626.08 |
| 4 മീ. x 4 മീ. | | 36562 | 20109.1 | 12065.46 | 8043.64 |
| 3 മീ. x 3 മീ. | | 42034 | 23118.7 | 13871.22 | 9247.48 |
| 2.5 മീ. x 2.5 മീ. | | 60065 | 33035.75 | 19821.45 | 13214.3 |
| 2 മീ. x 2 മീ. | | 73138 | 40225.9 | 24135.54 | 16090.36 |
| 1.5 മീ. x 1.5 മീ. | | 85603 | 47081.65 | 28248.99 | 18832.66 |
| 2.5 മീ. x 0.6 മീ. | | 63145 | 34729.75 | 20837.85 | 13891.9 |
| 1.8 മീ. x 0.6 മീ. | | 80599 | 44329.45 | 26597.67 | 17731.78 |
| 1.2 മീ. x 0.6 മീ. | | 100000 | 55000 | 33000 | 22000 |
| സ്പ്രിംഗ്ളർ ഇറിഗേഷൻ | | | | | |
| മൈക്രോ സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം (ഹെക്ടർ) | | | | | |
| 5 മീ. x 5 മീ. | ചെറുകിട - നാമമാത്ര കർഷകർ | 58932 | 32412.6 | 19447.56 | 12965.04 |
| 3 മീ. x 3 മീ. | | 67221 | 36971.55 | 22182.93 | 14788.62 |
| മിനി സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം | | | | | |
| 10 മീ. x 10 മീ. | ചെറുകിട-നാമമാത്ര കർഷകർ | 85212 | 46866.6 | 28119.96 | 18746.64 |
| 8 മീ. x 8 മീ. | | 94028 | 51715.4 | 31029.24 | 20686.16 |
| പോർട്ടബിൾ സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം | | | | | |
| 63 മില്ലി മീ. | ചെറുകിട - നാമമാത്ര കർഷകർ | 19542 | 10748.1 | 6448.86 | 4299.24 |
| 75 മില്ലി മീ. | | 21901 | 12045.55 | 7227.33 | 4818.22 |
| സെമി പെർമനന്റ് സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം | | | | | |
| | ചെറുകിട - നാമമാത്ര കർഷകർ | 36607 | 20133.85 | 12080.31 | 8053.54 |
| ലാർജ്ജ് വോള്യം സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റം (റെയിൻ ഗൺ) | | | | | |
| 63 മില്ലി മീ. | ചെറുകിട - നാമമാത്ര കർഷകർ | 28681 | 15774.55 | 9464.73 | 6309.82 |
| 75 മില്ലി മീ. | | 34513 | 18982.15 | 11389.29 | 7592.86 |

## പരമ്പരാഗത കൃഷി വികാസ് യോജന (പി. കെ. വി. വൈ)

ജൈവ ഉത്പന്നങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത പരിഗണിച്ച്, അവയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി രാജ്യത്തൊട്ടാകെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഈ ലക്ഷ്യത്തോടെയാണ് ദേശീയ സുസ്ഥിര കാർഷിക മിഷന്റെ ഘടകമായ പരമ്പരാ

ഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) എന്ന പദ്ധതിയും നടപ്പിലാക്കുന്നത്. കർഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് ക്ലസ്റ്ററടിസ്ഥാനത്തിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന് ധനസഹായം പ്രസ്തുത പദ്ധതി മുഖേന നൽകുന്നു. 50 ഏക്കർ വിസ്തൃതിയുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവവിത്തുകൾ, നടീൽ വസ്തുക്കൾ, ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ ഉപയോഗിച്ചുള്ള കൃഷിക്കായി ക്ലസ്റ്ററൊന്നിന് 14.95 ലക്ഷം രൂപ ആകെ ധനസഹായമായി മൂന്ന് വർഷത്തേയ്ക്ക് നൽകുന്നതാണ്. വിപണനത്തിനും മൂല്യവർദ്ധിത വസ്തുക്കളുടെ ഉത്പാദനത്തിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. 2019-20 വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന സംസ്ഥാനത്തൊട്ടാകെ 500 പി.കെ. വി.വൈ. ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി നടപ്പിലാക്കുന്നതാണ്. ജൈവകൃഷിയോടൊപ്പം പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകി സംസ്ഥാനത്തിന്റെ തനത് ജൈവ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള അവസരവും കർഷകർക്ക് ഈ പദ്ധതിയിലൂടെ ലഭിക്കുന്നു.

## തേനീച്ച വളർത്തൽ- തേനുത്പാദനവും മൂല്യവർദ്ധനവും

തേനിന്റെ മൂല്യവർദ്ധനവും വിളവെടുപ്പാനന്തര പരിപാലനവും എന്ന പദ്ധതിയുടെ ഭാഗമായി തേനീച്ച വളർത്തലും തേനും തേനുത്പന്നങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുമായി ധനസഹായം നൽകുന്നതാണ്. ഇതു വഴി കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലനം, തേനീച്ച പെട്ടികളുടെയും കോളനികളുടെയും വിതരണം, തേനീച്ച വളർത്തലിനാവശ്യമായ ഉപകരണങ്ങൾക്ക് ധനസഹായം എന്നിവ നൽകുന്നു. സംസ്ഥാനത്ത് നോഡൽ ഏജൻസിയായ ഹോർട്ടികോർപ്പ് മുഖാന്തിരമാണ് പ്രസ്തുത പരിപാടി നടപ്പിലാക്കുന്നത്.

**പ്രിൻസിപ്പൽ കൃഷി ഓഫീസുകൾ**

| | | |
|---|---|---|
| തിരുവനന്തപുരം<br>0471 2733334 | കൊല്ലം<br>0474 2795082 | പത്തനംതിട്ട<br>0468 2222597 |
| ആലപ്പുഴ<br>0477 2251403 | കോട്ടയം<br>0481 2562263 | ഇടുക്കി<br>0486 2222428 |
| എറണാകുളം<br>0484 2422224 | തൃശ്ശൂർ<br>0487 2444297 | പാലക്കാട്<br>0491 2505075 |
| മലപ്പുറം<br>04832734916 | കോഴിക്കോട്<br>0495 2370897 | വയനാട്<br>0493 6202506 |
| കണ്ണൂർ<br>0497 2706154 | കാസറഗോഡ്<br>0499 4255346 | |